# അസൂയ എന്ന മാരകരോഗം

**സി.കെ മൊയ്തു മസ്കത്ത്**

**وَعَنْ أَبِي هُرَيْرَةَ رَضِيَ اللهُ عَنْهُ أَنَّ النَّبِي ﷺ قَالَ : إِيَّاكُمْ وَ الحَسَدَ فَإِنَّ الحَسَدَ يَأْكُلُ الحَسَنَاتِ كَمَا تَأْكُلُ النَّارُ الحَطَبَ (رواه أبوداود)**

**അബൂ ഹുറയ്റ(റ)യിൽ നിന്ന് നിവേദനം: "പ്രവാചകൻ പറഞ്ഞു: അസൂയയെ നിങ്ങൾ സൂക്ഷിക്കുവിൻ. കാരണം തീ വിറകിനെ തിന്നുന്നത് പോലെ എല്ലാ നന്മകളെയും അത് തിന്നു കളയും"** (അബൂദാവൂദ്).

**ഹസദ്** അഥവാ അസൂയ എന്നാൽ തന്റെ സഹോദരന്റെ അനുഗ്രഹങ്ങൾ നീങ്ങി കാണാൻ ആഗ്രഹിക്കലാകുന്നു. അസൂയാലുവിന്റെ മനസ്സ് വളരെ ഇടുങ്ങിയതായിരിക്കും. സഹജീവികൾക്ക് ലഭിക്കുന്ന ഒരനുഗ്രഹവും കണ്ട് സന്തോഷിക്കാൻ അയാൾക്ക് സാധിക്കില്ല. ധനം, അധികാരം, സൗന്ദര്യം, സന്താനലബ്ധി, ഉദ്യോഗം തുടങ്ങി എല്ലാ മേഖലകളിലും ഇത് പ്രകടമാകാം. അസൂയയെ മൂന്നായി തരം തിരിക്കാവുന്നതാണ്. ഒന്ന്, തന്റെ സഹോദരന്റെ അനുഗ്രഹങ്ങൾ നീങ്ങി കാണുകയും അത് എനിക്കായിരുന്നെങ്കിൽ എന്നാഗ്രഹിക്കുകയും മറ്റൊരാൾക്കും ലഭിക്കരുതായിരുന്നു എന്ന ദുഷ്ട വിചാരം മനസ്സിനെ പിടികൂടുകയും ചെയ്യുക. തന്റെ സഹോദരന് കിട്ടിയ ഈ അനുഗ്രഹം എങ്ങനെയെങ്കിലും തനിക്കു കിട്ടിയെങ്കിൽ മാത്രമേ അവന്റെ മനസ്സ് ശാന്തമാവുകയുള്ളൂ. രണ്ട്, അനുഗ്രഹം വേറെ ആർക്കു ലഭിച്ചാലും ഒരു പ്രത്യേക വ്യക്തിക്ക് അത് ലഭിക്കരുതെന്നു വിചാരിക്കുക. മൂന്ന്, തന്റെ സഹോദരന് കിട്ടിയ ഈ അനുഗ്രഹം നീക്കിക്കളയാൻ ശ്രമിക്കുക. നാടൻ ഭാഷയിൽ 'പാര' എന്ന് നാം വിശേഷിപ്പിക്കുന്നത് ഇതിനെയാണ്. മേലുദ്ധരിച്ച അസൂയയുടെ രണ്ടിനങ്ങളും മനസ്സിൽ മാത്രം ഒതുങ്ങി നിൽക്കുന്നതാണെങ്കിൽ മൂന്നാമത്തേത് പ്രവർത്തനങ്ങളിലൂടെ പ്രകടമാകുന്നതായിരിക്കും.

അല്ലാഹു നൽകിയ അനുഗ്രഹങ്ങൾ നീങ്ങി കാണാൻ ആഗ്രഹിക്കുന്നത് അവന്റെ അധികാരത്തിൽ കൈ കടത്താൻ ശ്രമിക്കുന്നതിന് തുല്യമാകുന്നു. കാരണം അനുഗ്രഹങ്ങൾ നൽകുന്നതും നൽകിയത് എടുത്തുകളയുന്നതും അല്ലാഹുവാണ്. അവന്റെ അധികാരത്തിൽ കൈകടത്താൻ ആർക്കും സാധ്യമല്ല. അല്ലാഹു മനുഷ്യർക്ക് നൽകിയ അനുഗ്രഹങ്ങളിൽ അവർ അസൂയപ്പെടുകയാണോ (*അന്നിസാഅ്* 54) എന്നു പരിശുദ്ധ ഖുർആൻ ചോദിക്കുന്നതായി കാണാം. ഒരു വ്യക്തിക്ക് അനുഗ്രഹങ്ങൾ ലഭിക്കുന്നത് അല്ലാഹുവിന്റെ തീരുമാനപ്രകാരമാണ്. അതിൽ അതൃപ്തി രേഖപ്പെടുത്താൻ ആർക്കും അവകാശമില്ല.

തീ വിറകിനെ തിന്നുന്നതു പോലെ എല്ലാ നന്മകളെയും അസൂയ നശിപ്പിച്ചു കളയുമെന്ന് പ്രവാചകൻ പറഞ്ഞത് അത് കൊണ്ടാണ്. സൽകർമങ്ങൾ ചെയ്യുന്നതിലും സൽസ്വഭാവം ആർജിച്ചെടുക്കുന്നതിലും നന്മകൾ വർധിപ്പിക്കുന്നതിലും തന്നെക്കാൾ മുൻപന്തിയിലുള്ളവരുടെ സൽഗുണങ്ങൾ തനിക്കും ഉണ്ടായിരുന്നെങ്കിൽ എന്നാഗ്രഹിക്കുന്നതും അതിനു വേണ്ടി പരിശ്രമിക്കുന്നതും അസൂയയല്ല. അത്തരം വിചാരങ്ങൾ പ്രശംസനീയമാണ് താനും. പക്ഷെ, അവന്റെ നന്മകളിൽ അസ്വസ്ഥത അനുഭവപ്പെടുകയും അതില്ലാതാകാൻ ആഗ്രഹിക്കുകയും നന്മകളുടെ പേരിൽ അവനു ലഭിക്കുന്ന ആദരവിലും സ്നേഹത്തിലും വിദ്വേഷം ജനിക്കുകയും ചെയ്യുമ്പോഴാണ് അത് അസൂയയായി മാറുന്നത്. ഇത് ഇസ്ലാം കണിശമായും വിലക്കുന്നു. ഇത്തരം വിചാരങ്ങൾ നമ്മുടെ കർമങ്ങൾ പാഴായിപ്പോകാൻ കാരണമാകുന്നു എന്നാണു മുകളിലുദ്ധരിച്ച ഹദീസ് ബോധ്യപ്പെടുത്തുന്നത്. ■